## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4899 — 04.07.2012-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്താണെന്ന് വിശദമാക്കാമോ; | (എ) | 1.ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി അഥവാ എഞ്ചിൻ ഉടമയുടെ പേരിൽ മത്സ്യബന്ധനയാനംഉണ്ടായിരിക്കണം.<br>2.എഞ്ചിൻ, മത്സ്യബന്ധനയാനം ഇവ രണ്ടിനും സംസ്ഥാന ഫിഷറീസ് വകുപ്പിൽ നിന്നും KMFR Act അനുസരിച്ചുള്ള രജിസ്ട്രേഷൻ നേടിയിരിക്കണം.<br>3.പ്രവർത്തന ശേഷിയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾക്ക് മാത്രമേ മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുകയുള്ളൂ.<br>ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് മണ്ണെണ്ണ പെർമിറ്റിന് ശുപാർശ ചെയ്യുന്നത്. ഈ വിധം ശുപാർശ ചെയ്ത ശേഷം സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നാണ് മണ്ണെണ്ണ പെർമിറ്റ് തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നത്. |
| (ബി) | പെർമിറ്റ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ലഭിക്കുന്ന മണ്ണെണ്ണയുടെ വില എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | ലിറ്ററൊന്നിന് 14 രൂപ 50 പൈസ |
| (സി) | മത്സ്യബന്ധന ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ പെർമിറ്റ് കരിഞ്ചന്തക്കാർ വൻതോതിൽ കൈവശപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | ഉണ്ട്.<br>മണ്ണെണ്ണ പെർമിറ്റ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് വിതരണം ചെയ്തു വരുന്നതിനാൽ തൊഴിലാളികളിൽ ഏറിയപങ്കും പലപ്പോഴും കത്തക മുതലാളിമാർക്ക് പെർമിറ്റ് പണയപ്പെടുത്തുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഇതിനൊരു ശാശ്വത പരിഹാരമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ എഞ്ചിൻ പരിശോധന കഴിഞ്ഞാൽ മണ്ണെണ്ണ പെർമിറ്റ് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ